**ശബരിമലയിലെ  26.11.2023 - ലെ  ചടങ്ങുകൾ.**

..............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ  11 .30 മണി  വരെയും  നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന്  കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക്  ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 4  മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി  11മണിക്ക്  ശ്രീകോവിൽ നട അടയ്ക്കും

**സന്നിധാനത്ത് കളരിപ്പയറ്റ് പ്രദർശനം ഒരുക്കി അരുവായി വി കെ എം കളരി സംഘം**



മണ്ഡലകാലം ആരംഭിച്ചതോടെ പതിവുപോലെ കലാകായിക സംഘങ്ങൾ സന്നിധാനത്ത് ശാസ്താ ഓഡിറ്റോറിയത്തിൽ തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ എത്തുന്നത് തുടരുന്നു. ഇന്ന് (നവംബർ 25)അരുവായി വി കെ എം കളരി സംഘത്തിന്റെ നേതൃത്വത്തിലുള്ള കളരിപ്പയറ്റ് പ്രദർശനമായിരുന്നു നടന്നത്. കളരി ആശാൻ എം ബി വിനോദ് കുമാർ ഗുരുക്കളുടെ നേതൃത്വത്തിൽ നടന്ന പയറ്റ് കഴിഞ്ഞ 12 വർഷമായി സന്നിധാനത്ത് മുടങ്ങാതെ നടത്തിവരികയാണ്. എം സി ബാലൻ ഗുരുക്കൾ സ്ഥാപിച്ച 45 വർഷം പാരമ്പര്യമുള്ള കളരിസംഘം വന്ദനം മുതൽ ഉറുമി പയറ്റു വരെയാണ് കാഴ്ചവച്ചത്. ദേശീയ ഗയിംസ് മെയ്പ്പയറ്റ് സ്വർണ മെഡൽ ജേതാവ് കെ എ അഭിരാം, ഖേലോ ഇന്ത്യ ഖേലോ മെയ്പ്പയറ്റ് ജേതാക്കൾ ആയ വി എസ് സിധുൻ, ഹരി നന്ദൻ,വേദനാഥ് , കളരി വിദ്യാർത്ഥികൾ തുടങ്ങിയവർ കളരി പ്രദർശനം കാഴ്ചവച്ചു.

## ജലക്ഷാമം ഉണ്ടാകാതെ ഇരിക്കുവാൻ രണ്ട ലക്ഷം ലിറ്ററിന്റെ സ്റ്റീൽ ടാങ്ക്




മണ്ഡലകാലത്ത് സന്നിധാനത്തും പമ്പയിലും യാതൊരു വിധ ജല ക്ഷാമവും അനുഭവപെടാതെ ഇരിക്കുവാൻ വാട്ടർ അതോറിറ്റി രണ്ടു ലക്ഷം ലിറ്റർ സംഭരണ ശേഷി ഉള്ള സ്റ്റീൽ ടാങ്ക് സ്ഥാപിച്ചു. നിലവിൽ നാല് ലക്ഷം ലിറ്റർ സംഭരണ ശേഷി ഉള്ള പമ്പയിലെ പ്രധാന ടാങ്കിനോട് ചേർന്നാണ് പുതിയ സ്റ്റീൽ ടാങ്ക് സ്ഥാപിച്ചിരിക്കുന്നത്. ജലവിതരണത്തിൽ യാതൊരു വിധ ബുദ്ധിമുട്ടുകളും നിലവിൽ ഇല്ല. അയ്യപ്പ ഭക്തർക്ക് യാതൊരു വിധ ക്ലേശങ്ങളും നേരിടാത്ത മണ്ഡലകാലം ഒരുക്കുകയാണ് വാട്ടർ അതോറിറ്റിയുടെ ലക്ഷ്യം. ഏതെങ്കിലും കാരണവശാൽ പ്രധാന ടാങ്കിലേക്ക് പമ്പിങ് നിലയ്ക്കുന്ന സാഹചര്യം ഉണ്ടാകുന്നത് മുൻകൂട്ടി കണ്ടാണ്  രണ്ടു ലക്ഷം ലിറ്ററിന്റെ പുതിയ ടാങ്ക് സ്ഥാപിച്ചത്. ഇതിലൂടെ കുറ്റമറ്റ രീതിയിൽ ഉള്ള ജല വിതരണം വാട്ടർ അതോറിറ്റി ഉറപ്പ് നൽകുന്നു.